**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6053** **17-03-2023 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണ വ്യാപാര മേഖലയിലെ പ്രതിവർഷ വില്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വർണ്ണവ്യാപാര മേഖലയിൽ പ്രതിവർഷം എത്ര ടൺ സ്വർണ്ണമാണ് വിൽക്കപ്പെടുന്നത് എന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ കഴിഞ്ഞ അഞ്ചുവർഷത്തിൽ ഓരോ വർഷവും എത്ര ടൺ സ്വർണ്ണം വീതമാണ് വിറ്റത് എന്നറിയിക്കാമോ; | (എ) | നികുതി ദായകർ ജി.എസ്.ടി നിയമപ്രകാരം സമർപ്പിക്കുന്ന റിട്ടേണുകളിൽ വിറ്റ വരവ് നികുതി തുടങ്ങിയവ മാത്രമാണ് നിലവിലുള്ള നിയമപ്രകാരം സമർപ്പിക്കേണ്ടത്. അത് നൽകേണ്ടത് മൂല്യാടിസ്ഥാനത്തിൽ ആണ്. നികുതി നിർണ്ണയങ്ങൾക്കോ, മറ്റ് പരിശോധനകൾക്കോ വിധേയമാകുമ്പോൾ മാത്രമാണ് സ്റ്റോക്ക് വിവരങ്ങൾ (Quality wise) വ്യാപാരികളോട് ആവശ്യപ്പെടാറുള്ളത്. അതിനാൽ പ്രതിവർഷം എത്ര ടൺ സ്വർണ്ണം വിൽക്കപ്പെടുന്നു എന്നതിന്റെ കണക്ക് ലഭ്യമല്ല. |
| (ബി) | സ്വർണ വിൽപനയുമായി ബന്ധപ്പെട്ട് എത്ര ശതമാനം നികുതിയാണ് ഏർപ്പെടുത്തിയിട്ടുള്ളത്; കഴിഞ്ഞ അഞ്ചുവർഷത്തിൽ ഓരോ വർഷവും എത്ര രൂപയാണ് നികുതി ഇനത്തിൽ ലഭിക്കേണ്ടിയിരുന്നതെന്നും ലഭിക്കേണ്ടിയിരുന്ന തുകയിൽ എത്ര ലഭിച്ചുവെന്നും വിശദമാക്കാമോ? | (ബി) | ജി.എസ്.ടി നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സ്വർണ്ണത്തിനു നികുതി നിരക്ക് 3 ശതമാനം ആയിട്ടാണ് നിർണ്ണയിച്ചത്. ഇതിന്റെ പകുതി മാത്രമേ സംസ്ഥാനത്തിന് ലഭ്യമാകുകയുള്ളൂ.<br><br>നികുതിദായകർ അവരുടെ അതാത് മാസത്തെ വിറ്റുവരവിനെ അടിസ്ഥാനമാക്കി റിട്ടേൺ ഫയൽ ചെയ്താണ് നികുതി അടയ്ക്കുന്നത്. അതിനാൽ ലഭിക്കേണ്ട നികുതി സംബന്ധിച്ചുള്ള കണക്ക് ലഭ്യമല്ല.<br><br>ജി.എസ്.ടി റിട്ടേൺ പ്രകാരം കമ്മോഡിറ്റി ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ ജിഎസ് ടി ആർ 1 ടാറ്റയുടെയും ഈ വേ ബിൽ പ്രകാരം ലഭ്യമാകുന്ന ഡാറ്റയുടെയും അടിസ്ഥാനത്തിൽ ഒരു നികുതിദായകന്റെ ബിസിനസ് ഇടപാടുകളുടെ പ്രധാന ഭാഗങ്ങൾ പരിഗണിച്ച് എച്ച് എസ് എൻ പ്രകാരം ഗ്രൂപ്പാക്കിയിട്ടുണ്ട്. ജി.എസ്.ടി വന്നതിന് ശേഷം ജൂലൈ 2017-18 മുതൽ 2021-22 വരെ സ്വർണാഭരണം ഉൾപ്പെടെയുള്ള സ്വർണ്ണ വില്പനയിൽ നിന്നുള്ള എസ്.ജി.എസ്.ടി നികുതി വരുമാനവും (ടി സൂചിക കണക്കുകൾ) വളർച്ചാ നിരക്കും ചുവടെ ചേർക്കുന്നു: |

| വർഷം | സ്വർണ്ണ വില്പനയിന്മേലുള്ള എസ്.ജി.എസ്.ടി വരുമാനം (കോടിയിൽ) | വളർച്ചാ നിരക്ക് |
|---|---|---|
| 2017- | 307.02 | |

| | | |
|---|---|---|
| 18 (ജൂലൈ മുതൽ) | | |
| 2018-19 | 426.05 | |
| 2019-20 | 435.76 | 2.28 |
| 2020-21 | 486.65 | 11.68 |
| 2021-22 | 560.91 | 15.26 |

നികുതി വെട്ടിപ്പ് തടയുന്നതിലേക്ക് സ്വർണ്ണമേഖല ഉൾപ്പെടെ ഉള്ള മേഖലകളിൽ എൻഫോഴ്സ്മെന്റ് ആക്ഷൻ ഉൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ